**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2940** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടോയെന്നും ഏതെങ്കിലും പട്ടികവർഗ്ഗ ക്ഷേമ പദ്ധതികളിൽ മുൻ വർഷത്തെ അപേക്ഷിച്ച് തുക വെട്ടിക്കുറച്ചിട്ടുണ്ടോയെന്നും ഓരോ വർഷവും വകയിരുത്തിയ തുക താരതമ്യപ്പെടുത്തി വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല.<br><br>എന്നാൽ ഗോത്ര വാൽത്സല്യനിധി എന്ന പദ്ധതിയ്ക്ക് മുൻ വർഷങ്ങളെ അപേക്ഷിച്ച് വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പെൺകുട്ടികളുടെ ആരോഗ്യ-വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ടുള്ള ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതിയാണ് ഗോത്ര വാത്സല്യനിധി. എന്നാൽ പദ്ധതിയുടെ നടത്തിപ്പുമായി സഹകരിച്ചിരുന്ന എൽ.ഐ.സി. (LIC) ഏകപക്ഷീയമായി മാനദണ്ഡങ്ങളിൽ നിന്ന് പിന്മാറിയതിനാൽ പദ്ധതി തുടരാൻ സാധിക്കാതെ വന്നു. ഇതിനെത്തുടർന്ന് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി പദ്ധതി നടപ്പിലാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ബി) | ഭവന നിർമ്മാണം, സാമൂഹ്യ സുരക്ഷ, വിദ്യാഭ്യാസം, ആരോഗ്യം, സ്വയം തൊഴിൽ തുടങ്ങിയ മേഖലകളിൽ സാമ്പത്തിക പ്രതിസന്ധിയുടെ കാരണത്താൽ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കാൻ ഇടയായത് ഈ വിഭാഗത്തിന്റെ പുരോഗതിയുടെ വളർച്ചാ നിരക്ക് കുറയാനിടയാക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്നത് ആവർത്തിയ്ക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഭവന നിർമ്മാണം, സാമൂഹ്യ സുരക്ഷ, വിദ്യാഭ്യാസം, ആരോഗ്യം, സ്വയം തൊഴിൽ തുടങ്ങിയ മേഖലകളിൽ പദ്ധതി വിഹിതത്തിൽ മുൻഗണനാക്രമം നിശ്ചയിച്ചത് ഈ വിഭാഗത്തിന്റെ പുരോഗതിയുടെ വളർച്ചാ നിരക്ക് കുറയാനിടയാക്കിയിട്ടില്ല.<br><br>2024-25 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ വകുപ്പിനായി വകയിരുത്തിയ ആകെ പദ്ധതി വിഹിതത്തിന്റെ 22.26% തുക 27 പദ്ധതികളിലായി കുറവ് വരുത്തിയിട്ടുണ്ട്. തനത് വർഷം തുക പൂർണ്ണമായും ചെലവഴിക്കുവാൻ സാധിക്കാത്ത പദ്ധതികളിലാണ് ഇപ്രകാരം കുറവ് വരുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | 2024-25 വർഷത്തെ അപേക്ഷിച്ച് 2025-26 വർഷത്തിൽ പദ്ധതി വിഹിതത്തിൽ 15,488.95 ലക്ഷം രൂപയുടെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ